**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3930** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | സംഘം ശാക്തീകരണ പദ്ധതിയായ 'തീരോന്നതി' പ്രകാരം ക്ലാസിഫൈ ചെയ്ത അർഹതയുള്ള സംഘങ്ങൾക്ക് സെക്രട്ടറിയുടെ വേതനം, ഓഫീസ് വാടക നൽകുന്നതിനുള്ള ധന സഹായം, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം എന്നിവ ഫിഷറീസ് വകുപ്പിൽ നിന്നും നൽകി വരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും ലേലം ശക്തിപ്പെടുത്തുന്നതിനുമായി മത്സ്യഫെഡ് തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (ബി) | വരുമാനം കുറവുള്ള എല്ലാ സംഘങ്ങളിലെയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രത്യേക സഹായം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള സഹകരണ സംഘം നിയമം വകുപ്പ് 80 പ്രകാരം ക്ലാസിഫിക്കേഷൻ നടത്തി യോഗ്യതയുള്ള സെക്രട്ടറിയെ നിയമിച്ച സംഘങ്ങൾക്ക് പ്രതിമാസം പരമാവധി 10,000/- രൂപ വരെ 'തീരോന്നതി' പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും ധനസഹായം നൽകി വരുന്നു. മത്സ്യഫെഡിൽ അഫിലിയേഷൻ ഉള്ള നിലവിൽ മത്സ്യലേലം ഉള്ള സംഘങ്ങൾക്ക് ഈ ധനസഹായം നൽകി വരുന്നു. ഈ ധനസഹായം നിലവിൽ അറ്റ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ശമ്പളം നൽകാൻ സാമ്പത്തിക ശേഷി കുറഞ്ഞതുമായ സംഘങ്ങളെയുമാണ് പരിഗണിക്കുന്നത്. ഒരു വർഷത്തേക്ക് മാത്രമായിരിക്കും ധനസഹായം നൽകുക. തുടർന്ന് സംഘം തന്നെ സംഘത്തിന്റെ വരുമാനം വർദ്ധിപ്പിച്ച് ശമ്പളം നൽകുവാൻ ബാദ്ധ്യസ്ഥരാണ്. ഇത് കൂടാതെ മത്സ്യഫെഡ് വഴി 95 സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് വേതനം നൽകുന്നതിനായി NCDC ധനസഹായത്തോടെയുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ